Syro Malabar Commission for Liturgy



# നോമ്പ് മൂന്നാം ചൊവ്വ (മര്‍ക്കോ 12:38-44)

മനുഷ്യന്റെ തുലാസിൽ എന്നും വിധവയുടെ ചെമ്പ് നാണയങ്ങളെക്കാൾ പ്രാധാന്യം ധനവാന്റെ ആയിരങ്ങൾക്കു തന്നെയാണ്. പക്ഷേ ദൈവത്തിന്റെ അളവുകോൽ വ്യതസ്തമാണെന്ന് പറഞ്ഞുതരികയാണ് ഇന്നത്തെ സുവിശേഷഭാഗം. അക്കാലത്ത് നിലവിലുണ്ടായിരുന്നതിൽ ഏറ്റവും വിലകുറഞ്ഞ രണ്ട് ചെമ്പ് നാണയങ്ങൾ ഭണ്ഡാരത്തിൽ നിക്ഷേപിച്ച വിധവയെ നോക്കി ഈശോ പറയുന്നു "ഈ വിധവ മറ്റാരെയുംക്കാൾ കൂടുതൽ നിക്ഷേപിച്ചിരിക്കുന്നു". മറ്റുള്ളവർ തങ്ങളുടെ സമ്പത്തിന്റെ ഒരു ഓഹരി മാത്രം നിക്ഷേപിച്ചപ്പോൾ വിധവ തന്റെ ഉപജീവനത്തിനുള്ള വക നല്കുക വഴി തന്നെതന്നെ പൂർണ്ണമായും ദൈവത്തിന് സമർപ്പിക്കുകയാണ്. പണത്തിലും മറ്റ് ഭൗതികകാര്യങ്ങളിലും ആശ്രയിക്കാതെ ദൈവത്തിലുള്ള പൂർണവിശ്വാസം ഏറ്റുപറയുകയാണ് ആ വിധവ. സ്വാർഥതാൽപര്യം കൊണ്ടോ നിർബന്ധം കൊണ്ടോ അല്ല സന്മനസ്സോടെ ദാനം ചെയ്യണം എന്നാണ് പൗലോസ് ശ്ലീഹാ നമ്മെ ഓർമിപ്പിക്കുന്നത്. നമ്മുടെ ആകുലതകളും താൽപര്യങ്ങളും ഒക്കെ മാറ്റിവെച്ച് പൂർണമായും ദൈവത്തിന് സമർപ്പിക്കാൻ, അതുവഴി ദൈവത്തിലുള്ള ദൃഢമായ വിശ്വാസം ഏറ്റുപറയാൻ ഈ നോമ്പുകാലം നമ്മെ സഹായിക്കട്ടെ.

തയ്യാറാക്കിയത്,
ബ്രദർ ജോബി പനച്ചിക്കൽ
15-03-2022

സീറോമലബാർ ആരാധനക്രമകമ്മീഷൻ
മൗണ്ട് സെന്റ് തോമസ്, കാക്കനാട്

Read more: wwwsyromalabarliturgy.org